കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കുട്ടികളുടെ നിയോജനം ആക്റ്റ്, 1938

## (1938-ലെ XXVI-ാം നമ്പർ ആക്റ്റ്)

(1938 ഡിസംബർ 1-ാം തീയതി നിലവിലുള്ളപ്രകാരം)

**യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്**
**തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്**
**പ്രസിദ്ധീകരിക്കുന്നത്**
1977

വില :

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കുട്ടികളുടെ നിയോജനം ആക്റ്റ്, 1938

## (1938-ലെ XXVI-ാം നമ്പർ ആക്റ്റ്)

(1938 ഡിസംബർ 1-ാം തീയതി നിലവിലുള്ളപ്രകാരം)

യൂണിയൻ ഗവൺമെന്റിനു വേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

# കുട്ടികളുടെ നിയോജനം ആക്റ്റ്, 1938

## (1938-ലെ XXVI-ാം നമ്പർ ആക്റ്റ്)

### ചില വ്യാവസായിക നിയോജനങ്ങളിൽ കുട്ടികളുടെ നിയോജനം ക്രമപ്പെടുത്തുന്നതിനുള്ള ആക്റ്റ്

[1938 ഡിസംബർ, 1.]

ചില വ്യാവസായിക നിയോജനങ്ങളിൽ കുട്ടികളുടെ നിയോജനം ക്രമപ്പെടുത്തുന്നത് സമീചീനമായിരിക്കുകയാൽ ;

ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന് കുട്ടികളുടെ നിയോജനം ആക്റ്റ്, 1938 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ,—

(ക) "ക്ഷമതയുള്ള അധികാരസ്ഥാന" ത്തിന്, ഇൻഡ്യൻ തുറമുഖങ്ങൾ ആക്റ്റ്, 1908 (1908-ലെ-15)ൽ നിർവ്വചിച്ച പ്രകാരമുള്ളതോ, അല്ലെങ്കിൽ വൻകിടതുറമുഖമായി പാർലമെൻറിൻെറ ആക്റ്റിനാലോ ആക്റ്റിൻ കീഴിലോ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതോ ആയ ഒരു വൻകിട തുറമുഖത്തെ സംബന്ധിച്ചും, ഒരു റയിൽവേയെ സംബന്ധിച്ചും, കേന്ദ്രഗവൺമെൻറ് എന്നും, മററതെങ്കിലും സംഗതിയിൽ, സ്റ്റേററ് ഗവൺമെൻറ് എന്നും, അർത്ഥമാകുന്നു.

(ഖ) ഒരു വർക്ക്ഷാപ്പിൻെറ "കൈവശക്കാര" ന്, വർക്ക് ഷാപ്പിൻെറ കാര്യങ്ങളുടെമേൽ അന്തിമനിയന്ത്രണമുള്ള ആൾ എന്നർത്ഥമാകുന്നു.

(ഖ ഖ) "തുറമുഖാധികാരസ്ഥാന" ത്തിന്, തുറമുഖത്തിൻെറ ഭരണം നടത്തുന്ന തുറമുഖക്കമ്മീഷണർമാരുടെ നികായമോ മററ് അധികാരസ്ഥാനമോ എന്ന് അർത്ഥമാകുന്നു.

(ഗ) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു.

(ഘ) "വർക്ക്ഷാപ്പി" ന്, ഏതെങ്കിലും വ്യവസായ പ്രക്രിയ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും കെട്ടിടപരിസരങ്ങൾ (അതിൻെറ അതിർത്തികൾ ഉൾപ്പെടെ) എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ ഫാക്റ്ററി ആക്റ്റ്, 1934 (1934-ലെ XXV)-ലെ 50-ാം വകുപ്പിൻെറ വ്യവസ്ഥകൾ തൽസമയം ബാധകമാകുന്ന ഏതെങ്കിലും കെട്ടിടപരിസരങ്ങൾ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

3. ചില ജീവനങ്ങളിൽ കുട്ടികളുടെ നിയോജനം നിരോധിക്കുന്നത്.—(1) പതിനഞ്ച് വയസ് തികഞ്ഞിട്ടില്ലാത്ത യാതൊരു കുട്ടിയേയും,—

(ക) റെയിൽവേ വഴി യാത്രക്കാരേയോ, സാമാനങ്ങളോ തപാലോ പരിവഹണം ചെയ്യുന്നതുമായി ബന്ധപ്പെട്ടതോ, അല്ലെങ്കിൽ

3/2144/V.

(ഖ) ഏതെങ്കിലും തുറമുഖത്തിൻെറ അതിർത്തിക്കുള്ളിൽ ഒരു തുറമുഖാധികാരസ്ഥാനവുമായി ബന്ധപ്പെട്ടതോ,

ആയ ഏതെങ്കിലും ജീവനത്തിൽ നിയോജിക്കുകയോ പ്രവൃത്തി ചെയ്യാൻ അനുവദിക്കുകയോ ചെയ്യാൻപാടുള്ളതല്ല.

(2) പതിനഞ്ചു വയസ്സ് തികഞ്ഞതും, എന്നാൽ പതിനേഴ് വയസ്സ് തികഞ്ഞിട്ടില്ലാത്തതുമായ യാതൊരു കുട്ടിയേയും, (1)-ം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും ജീവനത്തിൽ, അങ്ങനെയുള്ള കുട്ടിയുടെ ഏതെങ്കിലും ദിവസത്തേക്കുള്ള പ്രവൃത്തി കാലയളവുകരം രാത്രി പത്തു മണിക്കും പകൽ ഏഴു മണിക്കും ഇടയിലുള്ള തുടർച്ചയായതും നിർണ്ണയിക്കപ്പെടുന്നതുമായ ചുരുങ്ങിയത് ഏഴു മണിക്കൂർ ഉരംക്കൊള്ളുന്ന തുടർച്ചയായ പന്ത്രണ്ടു മണിക്കൂർ വിശ്രമത്തിനായുള്ള ഇടവേള ഉണ്ടായിരിക്കത്തക്കവിധം നിജപ്പെടുത്താത്തപക്ഷം, നിയോജിക്കുകയോ പ്രവൃത്തി ചെയ്യാൻ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല :

എന്നാൽ ഈ ഉപവകുപ്പിലെ യാതൊന്നും, ഇതിൽ പരാമർശിക്കുന്ന ഏതെങ്കിലും കുട്ടിക്ക് മുൻപറഞ്ഞ ഏതെങ്കിലും ജീവനത്തിൽ അപ്രൻറീസ് ആയോ അതിൽ തൊഴിൽ പരിശീലനം ലഭിക്കുന്നതിനുവേണ്ടിയോ നിർണ്ണയിക്കപ്പെടുന്ന പരിതഃസ്ഥിതികളിലും ഉപാധികളനുസരിച്ചും നിയോജിക്കപ്പെട്ടിരിക്കുകയോ പ്രവൃത്തി ചെയ്യാനനുവദിക്കപ്പെട്ടിരിക്കുകയോ ചെയ്യുമ്പോരം ബാധകമാകുന്നതല്ല :

എന്നു മാത്രമല്ല, ഒരു അടിയന്തരാവസ്ഥ ഉളവായിട്ടുണ്ടെന്നും ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന കാലത്തേക്ക് ഈ ഉപവകുപ്പിലെ വ്യവസ്ഥകരം പ്രവർത്തനത്തിൽ ഉണ്ടായിരിക്കുന്നതല്ലെന്ന് പ്രഖ്യാപിക്കണമെന്ന് പൊതുജനതാൽപര്യം ആവശ്യപ്പെടുന്നുവെന്നും ക്ഷമതയുള്ള അധികാരസ്ഥാനത്തിന് അഭിപ്രായമുള്ളിടത്ത് അതിന് അപ്രകാരം പ്രഖ്യാപിക്കാവുന്നതാണ്.

(3) പതിനാല് വയസ്സ് തികഞ്ഞിട്ടില്ലാത്ത യാതൊരു കുട്ടിയേയും, പട്ടികയിൽ കൊടുത്തിട്ടുള്ള പ്രക്രിയകളിൽ ഏതെങ്കിലും നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും വർക്ക്ഷാപ്പിൽ നിയോജിക്കുകയോ പ്രവൃത്തി ചെയ്യാൻ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല :

എന്നാൽ, ഈ ഉപവകുപ്പിലെ യാതൊന്നും കൈവശക്കാരൻ തൻെറ കുടുംബത്തിൻെറ സഹായത്തോടുകൂടി മാത്രവും, കൂലിക്ക് തൊഴിലാളിയെ നിയോജിക്കാതെയും ഏതെങ്കിലും പ്രക്രിയ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും വർക്കുഷാപ്പിനോ, അല്ലെങ്കിൽ ഒരു സ്റേററ് ഗവൺമെൻറ് സ്ഥാപിച്ചിട്ടുള്ളതോ, സ്റേററ് ഗവൺമെൻറിൽനിന്ന് സഹായമോ അംഗീകാരമോ ലഭിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും സ്ക്കൂളിനോ ബാധകമാകുന്നതല്ല.

3ക. <u>പട്ടിക ഭേദഗതി ചെയ്യാനുള്ള അധികാരം.</u>— സ്റേററ് ഗവൺമെൻറന്, ഏതെങ്കിലും തരത്തിൽപ്പെട്ട പ്രക്രിയ ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി പട്ടികയിൽ ചേർക്കാനുള്ള അതിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് മൂന്നു മാസത്തിൽ കുറയാത്ത കാലത്തെ നോട്ടീസ് നല്കിയതിനുശേഷം, സദൃശവിജ്ഞാപനംവഴി അപ്രകാരം കൂട്ടിച്ചേർക്കാവുന്നതും, അതോടെ അതനുസരിച്ച് അധിനിയമം ചെയ്തിരുന്നാലെന്നപോലെ, ആ സ്റേററിൽ, പട്ടികക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും ആണ്.

3ഖ. <u>ചില പ്രക്രിയകളിൽ പ്രവൃത്തി നടത്തിക്കൊണ്ട് പോകുന്നതിന് മുമ്പ് ഇൻസ്പെക്ററർക്ക് നോട്ടീസ്.</u>— (1) ഏതെങ്കിലും വർക്ക്ഷാപ്പിൽ പട്ടികയിൽ കൊടുത്തിട്ടുള്ള പ്രക്രിയകളിൽ ഏതിലെങ്കിലും

പ്രവൃത്തി 1939 അക്ടോബർ 1-ാം ദിവസത്തിനുശേഷം നടത്തിക്കൊണ്ടു പോകുന്നതിന് മുമ്പ്, കൈവശക്കാരൻ, ഏതു് ഇൻസ്പെക്ടററുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ വർക്ക് ഷാപ്പ് സ്ഥിതിചെയ്യുന്നത്, ആ ഇൻസ്പെക്ടറർക്ക്—

(ക) വർക്ക് ഷാപ്പിൻെറ പേരും സ്ഥാനവും,

(ഖ) വർക്ക് ഷാപ്പിൻെറ യഥാർത്ഥ മാനേജ്മെൻറ് ഉള്ള ആളുടെ പേരും,

(ഗ) വർക്ക്ഷാപ്പ് സംബന്ധിച്ച് അറിയിപ്പുകൾ അയക്കേണ്ട മേൽവിലാസവും

(ഘ) വർക്ക് ഷാപ്പിൽ നടത്തിക്കൊണ്ടു പോകാനുള്ള പ്രക്രിയകളുടെ പ്രകൃതവും,

അടങ്ങുന്ന ലിഖിതമായ ഒരു നോട്ടീസ് അയക്കേണ്ടതാകുന്നു.

(2) 1939 അക്ടോബർ 1-ാം ദിവസത്തെക്കുറിച്ചുള്ള പരാമർശനത്തിന്, ജമ്മു-കാശ്മീർ സ്റേററിന് ബാധകമാകുന്നതിൽ, ഈ ആക്ററിൻെറ ആ സ്റേററിലെ പ്രാരംഭത്തെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കേണ്ടതാകുന്നു.

3 ഗ. വയസ്സ് സംബന്ധിച്ച തർക്കങ്ങൾ.—ഒരു നിയോജകനാൽ നിയോജിക്കപ്പെടുകയോ പ്രവൃത്തി ചെയ്യാൻ അനുവദിക്കപ്പെടുകയോ ചെയ്യുന്ന ഏതെങ്കിലും കുട്ടിയുടെ വയസ്സ് സംബന്ധിച്ച് ഇൻസ്പെക്ടററും, നിയോജകനും തമ്മിൽ, ഏതെങ്കിലും പ്രശ്നം ഉദ്ഭവിക്കുന്നുവെങ്കിൽ ആ പ്രശ്നം ഇൻസ്പെക്ടറർ നിർണ്ണയിക്കപ്പെടുന്ന ഒരു മെഡിക്കൽ അധികാരസ്ഥാനം നല്കിയിട്ടുള്ള ആ കുട്ടിയുടെ വയസ്സ് സംബന്ധിച്ച സർട്ടിഫിക്കററിൻെറ അഭാവത്തിൽ, നിർണ്ണയിക്കപ്പെടുന്ന മെഡിക്കൽ അധികാരസ്ഥാനത്തിൻെറ തീരുമാനത്തിന് റഫർ ചെയ്യേണ്ടതാകുന്നു.

3 ഘ. രജിസ്ററർ വച്ചുപോരൽ.—ഏതൊരു നിയോജകനും 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും ജീവനത്തിൽ ആ വകുപ്പ് (2)-ാം ഉപവകുപ്പനുസരിച്ച് നിയോജിക്കപ്പെടുകയോ പ്രവൃത്തി ചെയ്യാൻ അനുവദിക്കപ്പെടുകയോ ചെയ്യുന്ന കുട്ടികളെ സംബന്ധിച്ച്,

(ക) അപ്രകാരം നിയോജിക്കപ്പെടുകയോ പ്രവൃത്തി ചെയ്യാൻ അനുവദിക്കപ്പെടുകയോ ചെയ്യുന്ന പതിനേഴു വയസ്സിന് താഴെയുള്ള ഏതൊരു കുട്ടിയുടേയും പേരും ജനനത്തീയതിയും,

(ഖ) അങ്ങനെയുള്ള ഏതെങ്കിലും കുട്ടിയുടെ പ്രവൃത്തിക്കാലയളവുകളും അവന് അവകാശപ്പെട്ട വിശ്രമത്തിനുള്ള ഇടവേളകളും,

(ഗ) അങ്ങനെയുള്ള ഏതെങ്കിലും കുട്ടിയുടെ പ്രവൃത്തിയുടെ പ്രകൃതവും,

(ഘ) നിർണ്ണയിക്കപ്പെടുന്ന മററു വിവരങ്ങളും, കാണിക്കുന്ന ഒരു രജിസ്ററർ വച്ചുപോരേണ്ടതും, അത് പ്രവൃത്തി മണിക്കൂറുകളിലോ അങ്ങനെയുള്ള ഏതെങ്കിലും ജീവനത്തിൽ പ്രവൃത്തി നടത്തികൊണ്ടു പോകുമ്പോഴോ എല്ലാ സമയത്തും ഇൻസ്പെക്ടററുടെ പരിശോധനയ്ക്ക് ലഭ്യമായിരിക്കേണ്ടതും ആകുന്നു.

3 ങ. 3-ം 4-ം വകുപ്പുകളുടെ ചുരുക്കം അടങ്ങുന്ന നോട്ടീസ് പ്രദർശിപ്പിക്കുന്നത്.—ഏതൊരു റെയിൽവേ അഡ്മിനിസ്ട്രേഷനും, ഏതൊരു തുറമുഖാധികാരസ്ഥാനവും, അതതു സംഗതിപോലെ, അതിൻെറ റെയിൽവേയുടെ

ഏതൊരു സ്റ്റേഷനിലും, അല്ലെങ്കിൽ തുറമുഖത്തിന്റെ അതിർത്തിക്കുള്ളിലും ശ്രദ്ധയാകർഷിക്കത്തക്കതും പ്രവേശന സൗകര്യമുള്ളതുമായ സ്ഥലത്ത് നിർണ്ണയിക്കപ്പെടുന്ന ഇൻഡ്യൻ ഭാഷയിലും, അല്ലെങ്കിൽ ഭാഷകളിലും ഇംഗ്ലീഷിലും, ഈ ആക്റ്റിലെ 3-ാം വകുപ്പിന്റെ (1)-ാം, (2)-ാം ഉപവകുപ്പുകളുടേയും 4-ാം വകുപ്പിന്റേയും ചുരുക്കം അടങ്ങുന്ന നോട്ടീസ് പ്രദർശിപ്പിക്കേണ്ടതാകുന്നു.

വിശദീകരണം.—ഈ വകുപ്പിൽ—

"റയിൽവേ അഡ്മിനിസ്ട്രേഷ"ന്, ഇൻഡ്യൻ റയിൽവേ ആക്റ്റ്, 1890 (1890-ലെ IX)-ൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

4. <u>ദണ്ഡനം.</u>—(ക) 3-ാം വകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും കുട്ടിയെ നിയോജിക്കുകയോ പ്രവൃത്തി ചെയ്യാനനുവദിക്കുകയോ; അല്ലെങ്കിൽ

(ഖ) 3 ഖ വകുപ്പ് ആവശ്യപ്പെടുന്ന നോട്ടീസ് നല്കാതിരിക്കുകയോ, അല്ലെങ്കിൽ

(ഗ) 3 ഘ വകുപ്പ് ആവശ്യപ്പെടുന്ന രജിസ്റ്റർ വച്ചുപോരാതിരിക്കുകയോ, അങ്ങനെയുള്ള ഏതെങ്കിലും രജിസ്റ്ററിൽ ഏതെങ്കിലും വ്യാജമായ ഉൾക്കുറിപ്പു ചേർക്കുകയോ, ചെയ്യുന്ന ഏതൊരാളും, ഒരു മാസത്തോളമാകാവുന്ന വെറും തടവോ അഞ്ഞൂറ് രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

5. <u>കുറ്റങ്ങൾ സംബന്ധിച്ച നടപടിക്രമം.</u>—(1) ഈ ആക്റ്റിൻ കീഴിലെ യാതൊരു പ്രാസിക്യൂഷനും, 6-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഒരു ഇൻസ്പെക്റ്ററാലോ ഇൻസ്പെക്റ്ററുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയോ അല്ലാതെ ആരംഭിക്കാൻ പാടുള്ളതല്ല.

(2) ഒരു കുട്ടിയുടെ വയസ്സ് സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്ന മെഡിക്കൽ അധികാരസ്ഥാനം ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, നല്കിയിട്ടുള്ള ഏതൊരു സർട്ടിഫിക്കറ്റും, അത് ഏത് കുട്ടിയെ സംബന്ധിക്കുന്നതാണോ ആ കുട്ടിയുടെ വയസ്സ് സംബന്ധിച്ച് നിശ്ചായക തെളിവ് ആയിരിക്കുന്നതാണ്.

(3) പ്രസിഡൻസി മജിസ്ട്രേറ്റ് കോടതിയുടേയോ 1-ാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടേയോ താഴെയുള്ള യതൊരു കോടതിയും ഈ ആക്റ്റിൻ കീഴിലെ ഏതെങ്കിലും കുറ്റം വിചാരണ ചെയ്യാൻ പാടുള്ളതല്ല.

6. <u>ഇൻസ്പെക്റ്റർമാരുടെ നിയമനം.</u>—ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിക്കപ്പെടുന്നത് ഉറപ്പുവരുത്തുന്നതിനുവേണ്ടി ക്ഷമതയുള്ള അധികാരസ്ഥാനത്തിന്, ഇൻസ്പെക്റ്റർമാരായി ആളുകളെ നിയമിക്കാവുന്നതും, അപ്രകാരം നിയമിക്കപ്പെടുന്ന ഏതെങ്കിലും ഇൻസ്പെക്ടർ ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ XLV)-യുടെ, അർത്ഥത്തിൽ പബ്ലിക്ക് സർവൻറായി കരുതപ്പെടുന്നതും ആകുന്നു.

7. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(1) ഈ ആക്റ്റിന്റെ വ്യവസ്ഥകൾ ഫലത്തിൽ വരുത്തുന്നതിനായി ക്ഷമതയുള്ള അധികാരസ്ഥാനത്തിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയായും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായും, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക്—

(ക) 6-ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്ന ഇൻസ്പെക്ടർമാരുടെ നടപടിക്രമം ക്രമപ്പെടുത്തുകയും,

(ഖ) നിയോജനത്തിലുള്ളവരോ നിയോജനം തേടുന്നവരോ ആയ ചെറുപ്രായത്തിലുള്ളവരുടെ വയസ്സ് സംബന്ധിച്ച് സർട്ടിഫിക്കററുകൾ നല്കുന്നതിനും, അങ്ങനെയുള്ള സർട്ടിഫിക്കററുകൾ നല്കാവുന്ന മെഡിക്കൽ അധികാരസ്ഥാനങ്ങൾക്കും, അങ്ങനെയുള്ള സർട്ടിഫിക്കററുകളുടെ ഫാറത്തിനും, അവയ്ക്ക് ചുമത്താവുന്നചാർജ്ജിനും, അങ്ങനെയുള്ള സർട്ടിഫിക്കററുകൾ നല്കാവുന്ന രീതിക്കും വ്യവസ്ഥകൾ ഉണ്ടാക്കുകയും—

എന്നാൽ, അപേക്ഷയോടൊപ്പം വയസ്സ് സംബന്ധിച്ച് തൃപ്തികരമാണെന്ന് ബന്ധപ്പെട്ട അധികാരസ്ഥാനത്താൽ കരുതപ്പെടുന്ന തെളിവുണ്ടെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും സർട്ടിഫിക്കററ് നല്കുന്നതിന് യാതൊന്നും ചാർജ്ജ് ചെയ്യാൻ പാടുള്ളതല്ല ;—

(ഗ) 3-ാം വകുപ്പ് (2-)ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്ക് രാത്രി 10 മണിക്കും പകൽ 7 മണിക്കും ഇടയ്ക്കുള്ള തുടർച്ചയായ ഏഴു മണിക്കൂറുകൾ നിജപ്പെടുത്തുകയും,

(ഘ) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും ജീവനത്തിൽ ഒരു കുട്ടിയെ അപ്രൻറീസ് ആയോ, തൊഴിൽ പരിശീലനം ലഭിക്കുന്നതിനുവേണ്ടിയോ നിയോജിക്കുകയോ പ്രവൃത്തി ചെയ്യാൻ അനുവദിക്കുകയോ ചെയ്യാവുന്നത് ഏതു പരിത:സ്ഥിതികളിലും ഏതു വ്യവസ്ഥകൾക്കും വിധേയമായും ആണെന്ന് വിനിർദ്ദേശിക്കുകയും;

(ങ) 3 ഖ വകുപ്പിൻകീഴിൽ വച്ചുപോരുന്ന രജിസ്ററിൽ അടങ്ങിയിരിക്കേണ്ട മററു വിവരങ്ങൾ വിനിർദ്ദേശിക്കുകയും ;

(ച) 3 ങ വകുപ്പിൽ പരാമർശിച്ച നോട്ടീസ്, ഏത് ഇൻഡ്യൻ ഭാഷയിലോ ഭാഷകളിലോ ആണ് പ്രസിദ്ധപ്പെടുത്തേണ്ടതെന്ന് വിനിർദ്ദേശിക്കുകയും,

(ഛ) നിയന്ത്രിക്കാനോ മുൻകൂട്ടി കാണാനോ കഴിയാത്തതും കാലിക സ്വഭാവത്തോടുകൂടിയതല്ലാത്തതും 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും ജീവനത്തിലെ സാധാരണ പ്രവർത്തനത്തിൽ ഇടപെടുന്നതുമായ അടിയന്തരാവസ്ഥകളുടെ സംഗതികളിൽ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകളിൽനിന്നുള്ള ഒഴിവാക്കലിന് വ്യവസ്ഥചെയ്യുകയും ചെയ്യാവുന്നതാണ്.

### പട്ടിക

(3)-ം, 3 ക യും, 3 ഖ യും വകുപ്പുകൾ നോക്കുക
പ്രക്രിയകളുടെ ലിസ്ററ്

1 ബീഡി ഉണ്ടാക്കൽ

2 പരവതാനി നെയ്ത്ത്

3 സിമൻറ് നിർമ്മാണം, സിമൻറ് ചാക്കിലാക്കൽ ഉൾപ്പെടെ

4 തുണിയുടെ അച്ചടിക്കലും, ചായം മുക്കലും നെയ്ത്തും

5 തീപ്പെട്ടികളുടേയും, സ്ഫോടക വസ്തുക്കളുടേയും വെടിക്കെട്ടു സാമാനങ്ങളുടേയും നിർമ്മാണം

6 അഭ്രം വെട്ടലും പിളർക്കലും

7 അരക്ക് പാളി നിർമ്മാണം

8 സോപ്പ് നിർമ്മാണം

9 തോൽ ഊറയ്ക്കിടൽ

10 കമ്പിളിരോമം വൃത്തിയാക്കൽ

---